**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2819** — **13-02-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ എം നൗഷാദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് 2023-ൽ പുരപ്പുറ സോളാർ പദ്ധതി മുഖേന എത്ര വീടുകളിലും സ്ഥാപനങ്ങളിലും വൈദ്യുതോല്പാദനം ആരംഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്. ഇ.ബി.എൽ. മുഖേന സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പവർ പ്ലാന്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം (1)** ആയി ചേർക്കുന്നു**. 10** മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു**.** ഈ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന സ്ഥാപിച്ച പ്ലാന്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം (2)** ആയി ചേർക്കുന്നു**.** |
| (ബി) | പ്രസ്തുത കാലയളവിൽ അനെർട്ട് മുഖേന ഇതര മാർഗ്ഗങ്ങളിൽ ഏതൊക്കെ ഊർജ്ജോല്പാദന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | പ്രധാന മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്ഥാൻ മഹാഭിയാൻ (പി.എം. കുസും) പദ്ധതി, കർഷകരുടെ കൃഷിയാവശ്യത്തിനു പയോഗിക്കുന്ന പമ്പുകളുടെ സൗരോർജ്ജ വൽക്കരണം നടത്തുന്ന പദ്ധതിയാണ്. സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പി.എം. കുസും പദ്ധതി. കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന ഈ പദ്ധതി അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ 5 ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടത്തുന്നത്. 5,955 എണ്ണം പമ്പുകൾക്കാണ് ആദ്യഘട്ടത്തിൽ നബാർഡിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. നിലവിൽ 1000 പമ്പുകളുടെ സൗരോർജ്ജ വൽക്കരിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. അതിൽ ഏകദേശം അറുനൂറോളം പമ്പുകളുടെ സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു.<br><br>സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി സ്മാർട്ട് സിറ്റി ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | പരിധിയിലുള്ള സാധ്യമായ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിപ്രകാരം 516 സൈറ്റുകളിലായി 16.7 MW സോളാർ പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം നടന്നുവരുന്നു.<br><br>പബ്ലിക് ഇ. വി. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. ഒരു കിലോവാട്ടിന് Rs.20,000/- എന്ന നിരക്കിൽ 5 kW മുതൽ 50 kW വരെയുള്ള സൗരോർജ്ജ സംവിധാനത്തിന് ഒരു ലക്ഷം മുതൽ പരമാവധി പത്ത് ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്.<br><br>അനെർട്ട് മുഖേന 6 സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകളും **അനുബന്ധം (3)** സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോട് കൂടി നിലവിൽ 8 സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകളും നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ **അനുബന്ധം (4)** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (1)

| ജില്ല | ഉപഭോക്താക്കളുടെ എണ്ണം | വൈദ്യുതി ഉത്പാദനം (KW) |
|---|---|---|
| തിരുവനന്തപുരം | 1950 | 7706 |
| കൊല്ലം | 1084 | 4156 |
| പത്തനംതിട്ട | 460 | 1795 |
| കോട്ടയം | 929 | 3582 |
| ആലപ്പുഴ | 1204 | 4519 |
| എറണാകുളം | 3024 | 11639 |
| ഇടുക്കി | 111 | 396 |
| തൃശ്ശൂർ | 2579 | 9674 |
| പാലക്കാട് | 1333 | 4722 |
| മലപ്പുറം | 1312 | 5174 |
| കോഴിക്കോട് | 1450 | 5552 |
| വയനാട് | 105 | 351 |
| കണ്ണൂർ | 1264 | 5016 |
| കാസറഗോഡ് | 442 | 1759 |
| മൊത്തം | 17247 | 66041 |

സെക്ഷൻ ഓഫീസർ

# അനുബന്ധം (2)

| ക്രമ നം. | ജില്ല | പ്ലാന്റിന്റെ ശേഷി | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1.4MW | 425 |
| 2 | കൊല്ലം | 345 kW | 109 |
| 3 | ആലപ്പുഴ | 891 kW | 323 |
| 4 | പത്തനംതിട്ട | 280 kW | 84 |
| 5 | കോട്ടയം | 175 kW | 72 |
| 6 | ഇടുക്കി | 110 kW | 51 |
| 7 | എറണാകുളം | 495 kW | 166 |
| 8 | തൃശ്ശൂർ | 923 kW | 329 |
| 9 | പാലക്കാട് | 470 kW | 180 |
| 10 | മലപ്പുറം | 153 kW | 52 |
| 11 | കോഴിക്കോട് | 182 kW | 58 |
| 12 | വയനാട് | 133 kW | 64 |
| 13 | കണ്ണൂർ | 553 kW | 188 |
| 14 | കാസറഗോഡ് | 128 kW | 46 |

## അനുബന്ധം (3)

## അനെർട്ട് മുഖേന സ്ഥാപിച്ച ചാർജ്ജിംഗ് സ്റ്റേഷനുകൾ

| **Sl. No** | **District** | **Details of Location** | **Land Owner Dept./Institution** |
|---|---|---|---|
| 1 | Thrissur**(Solar Powered Charging Station)** | Land under Kunnumkulam Municipality | Kunnumkulam Municipality |
| 2 | Palakkad **(Solar Powered Charging Station)** | Metal Industries, Shornur | Metal Industries, Ltd |
| 3 | Ernakulam**(Solar Powered Charging Station)** | CUSAT- Kochi Metro Station | Kochi Metro |
| 4 | Ernakulam**(Solar Powered Charging Station)** | Muttom | Kochi Metro Station |
| 5 | Ernakulam**(Solar Powered Charging Station)** | HMT Colony, Kalamassery | Kerala Startup Mission |
| 6 | Kasargod **(Solar Powered Charging Station)** | Kottakkunnu, Bekal Fort | Bekal Resorts Development Corporation Ltd |

## അനുബന്ധം (4)

## സർക്കാരിന്റെ സബ്സിഡിയോട് കൂടി സ്ഥാപിച്ച ചാർജ്ജിംഗ് സ്റ്റേഷനുകൾ

| Sl. No. | District | Details of Location |
|---|---|---|
| 1 | Pathanamthitta | Phills Hub<br>Near SH8, Mylapra part, Kerala |
| 2 | Alappuzha | Hotel Kalpakavady, Karuvatta Near NH |
| 3. | Kozhikode | Royal Arcad Auditorium, Vennakkad, Kunnamangalam, Kozhikode |
| 4. | Kozhikode | Solar Sparks<br>(Four Star Associates) Beypore Road, Koyilandy, Kozhikode |
| 5. | Alappuzha | Kamala Towers,<br>Karuvatta. P. O.,<br>Alappuzha-690517 |
| 6. | Kannur | No.F.1321, H.O.<br>Papanisseri P. O.,<br>Kannur-670562 |
| 7. | Wayanad | Konfudha family Holy Days, 16/86, Vellarakunnu, Kalppetta, Wayanad |
| 8. | TVM | NIMS Hospital, Pathamkallu, Neyyattinkara, TVM. |

സെക്ഷൻ ഓഫീസർ